# Let Nothing be wasted (ഒന്നും നഷ്ടമാക്കരുത്)- യോഹ : 6:12)

വലിയ വില നൽകി വാങ്ങിയ ഒരു വസ്തു വിപണിയിൽ വില ഇല്ലാത്തപ്പോൾ വിറ്റാൽ അത് വൻ നഷ്ടം ഉളവാക്കുന്നു. അതുപോലെ വിലയില്ലാത്ത ഒരു വസ്തു വിപണിയിൽ നിന്ന് വൻ വില നൽകി വാങ്ങിയാലും നഷ്ടമാണ്. കർത്താവ് തന്റെ ഏകജാതനായ മകനെ നമ്മുടെ പാപത്തിന് പരിഹാരമായി നൽകി. നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തമായിരുന്നു നമുക്കുവേണ്ടി മറുവിലയായി നൽകിയത്. അതിനാൽ നാം നഷ്ടപ്പെടുവാൻ അവൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല.

ദൈവീകസാന്നിദ്ധ്യം ഉള്ളിടത്ത് ഒരിക്കലും നഷ്ടമുണ്ടാകുന്നില്ല. കാരണം അവൻ അത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ദൈവമാകുന്നു. (സങ്കീ:77:14) കൂടാതെ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നൽകുവാൻ തക്കവണ്ണം സമ്പന്നനാകുന്നു. (റോമ:10:12).രാത്രി മുഴുവൻ അദ്ധ്വാനിച്ച് ഒന്നും കിട്ടാതെ വലകഴുകി മടങ്ങിപ്പോകുവാൻ തയാറായ പത്രോസ് അവന്റെ സാന്നിദ്ധ്യത്തിന്റെ മഹത്വം അറിഞ്ഞു.

ഏത് പ്രവർത്തി ചെയ്യുവാൻ കല്പിക്കും മുമ്പ് വാക്കിനാലും ഉപദേശത്താലും അവൻ ധൈര്യം നൽകുന്നു. അതുകൊണ്ടാണ് പത്രോസ് പറയുന്നത് "നാഥാ നിന്റെ വാക്കിന് വലയിറക്കാം" എന്ന്. സാന്നിദ്ധ്യം നൽകിയ ധൈര്യം അനുസരണത്തിന്റെ പ്രതിഫലം , എല്ലാം പത്രോസ് അനുഭവിച്ചു. അവന്റെ നഷ്ടം മാറി, ലാഭം നേടി.അത് അവൻ പാപി എന്ന ചിന്തയ്ക്ക് കാരണമായി. Read : ലൂക്കോ:(5:1-8)

ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പാനുള്ള നിർദ്ദേശം യേശു തന്റെ ശിഷ്യൻമാർക്കാണ് നൽകിയത്.

**ശിഷ്യൻമാരെ ഏല്പിച്ച ദൗത്യങ്ങൾ എന്തെല്ലാമെന്ന് നമുക്ക് ചിന്തിയ്ക്കാം**

1. ഭക്ഷിപ്പാൻ കൊടുക്കേണ്ട ഉത്തരവാദിത്തം
   ഭക്ഷിക്കേണ്ട ആളുകൾ എങ്ങനെയുള്ളവർ ?

   -മർക്കോ:(6:34-37)

2. ഭക്ഷണം കൊടുക്കേണ്ടവർ അത് കണ്ടെത്തണം

   -മർക്കോ:(6:38)

   (കണ്ടെത്തിയത് ആർ? അത് എന്തായിരുന്നു? - യോഹ;(6:8-9)

3. കണ്ടെത്തിയ ഭക്ഷണം കർത്താവിനെ ഏല്പിക്കണം - മത്തായി (14:18)

4. എങ്ങനെയുള്ള ഭക്ഷണമാണ് വിളമ്പേണ്ടത് എന്ന് അവൻ കാണിച്ചു തന്നു - മത്തായി (14:19)
   (പുല്ലിൻമേൽ ഇരുത്തിയത് - ഭക്ഷണം കഴിക്കേണ്ടവരെയും, സങ്കീ:(23:2)ൽ പച്ചയായ പുല്പുറങ്ങളിൽ കിടത്തുന്നത് -ഭക്ഷണം - കഴിച്ചവരേയുമത്രേ)

5.വിളമ്പുന്നവർ ഭക്ഷിക്കേണ്ടവരെ ഇരുത്തുന്ന വിധം എപ്രകാരമായിരുന്നു.- മർക്കോ:(6:39-40)

ലൂക്കോ:(9:14-15)

6. വേണ്ടിടത്തോളം നൽകണം - .യോഹ:(6:11)

7. ഇനിയുമുള്ളതാണ് യേശു ശിഷ്യൻമാരെ ഏല്പിച്ച പ്രധാന ദൗത്യം.ഒന്നും നഷ്ടമാകാതെ ശേഖരിക്കുക. (യോഹ:6:12)

എന്തിനാണ് നഷ്ടമാകാതെ ശേഖരിക്കേണ്ടത് ? -യോഹ :(6:39)

(ആത്മീയ ഭക്ഷണം ആത്മീയ വളർച്ചയ്ക്കാവശ്യം ആണ്. അത് കണ്ടെത്തി ഭക്ഷിക്കണം- യിരെ (15:16)

ഭക്ഷിച്ചത് ഹൃദയത്തിൽ സംഗ്രഹിക്കണം - ഇയ്യോബ് (22:22)

## എപ്രകാരമാണ് ഭക്ഷണം ഭക്ഷിക്കാതെ നഷ്ടമാക്കുന്നത്

1. വിളമ്പിയ ഭക്ഷണം ഭക്ഷിക്കാതെ നഷ്ടമാക്കുന്നവർ (അവിശ്വാസികൾ) -യോഹ:(6:64)

ഉദാ: യൂദ Read യോഹ:(17:12)

2.ചിലർ ഭക്ഷണം വിളമ്പുന്നിടത്ത് കയറാതെ പുറത്തു നിന്ന് ഇതെന്ത് ? എന്ന് ചോദിക്കുന്ന മൂത്തപുത്രനെപ്പോലെയാണ്.ഇവരും നഷ്ടമുണ്ടാക്കുന്നു.- ലൂക്കോ:(15:26)

3.ചിലർ അനുഭവങ്ങളെ അവസരമാക്കുന്നില്ല.

ഉദാ: ഫറവോൻ , ബിലെയാം

എന്നാൽ കാരാഗൃഹപ്രമാണി തന്റെ മുമ്പിൽ കണ്ട അനുഭവത്തെ രക്ഷയ്ക്കവസരമാക്കി.

Read അ:പ്ര:(16:25-34)

4.വിളമ്പിയ ഭക്ഷണം ശരിയായി കഴിക്കാത്ത ചിലരുടെ ഹൃദയത്തിന്റെ പ്രത്യേകത കർത്താവു പറഞ്ഞ ഉപമയുമായി താരതമ്യപ്പെടുത്തി ചിന്തിക്കുക.

Read മത്താ:(13:3-7),(13:19-22)

5. നല്ലനിലത്തു വീണ വിത്ത് ഫലം നൽകുന്നു. -മത്താ:13:23

ഉദാ: ലുദിയ.(അ:പ്ര:16:13-15)

ഭക്ഷണം ആവശ്യമുള്ളത് തകർന്നും, നുറുങ്ങിയതുമായ ഹൃദയത്തോട് കൂടിയവർക്കും രോഗത്തിന്റെ പിടിയിലകപ്പെട്ടവർക്കുമാണ്. കർത്താവ് ,'നിങ്ങൾ ഇവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ എന്നാവശ്യപ്പെട്ടാൽ'കൊടുക്കാൻ നാം തയാറാണോ ?

കർത്താവ് അവസരത്തെ നഷ്ടമാക്കിയില്ല എന്നതിന് ഉദാഹരണമാണ് താഴെ പറയുന്ന ഭാഗങ്ങൾ

Read യോഹ:(6:5,6), യോഹ:(2:3-11)

ധാന്യങ്ങളിൽ വച്ച് വിലകുറഞ്ഞതാണ് യവം. അതുകൊണ്ടുണ്ടാക്കിയ അപ്പവും , രണ്ട് മീനും മണവും ഗുണവും പോയ അവസ്ഥയിലാണ് ഗുരുവിന്റെ കൈകളിലെത്തിയത്.

പ്രിയരേ! ഇപ്രകാരം പാപത്തിന്റെ നാറിയ അവസ്ഥയിലായാലും, സുബോധം വന്നാൽ , നിന്നെ കർത്താവു വിളിക്കുന്നതു മനസ്സിലാക്കാം.ദൈവം നിനക്കുതരുന്ന അവസരങ്ങൾ നഷ്ടമാക്കരുത്.അനുഭവങ്ങളെ അവസരങ്ങളാക്കുവാനും അവസരം നഷ്ടമാക്കാതെ സൂക്ഷിപ്പാനും ദൈവം സഹായിക്കട്ടെ. യഹോവ തന്ന ഭക്ഷണം നാം വിളമ്പിയത് ഭക്ഷിച്ചവരെക്കുറിച്ച് , അവർ വഴിയിൽ തളർന്നു വീണുപോകാതെ സൂക്ഷിപ്പാനുള്ള ഉത്തരവാദിത്തം നമുക്കുള്ളതുകൊണ്ടാണ് . മാതാപിതാക്കളേ ! നിങ്ങളുടെ മക്കളെക്കുറിച്ചുള്ള ഉത്തരവാദിത്തം മറക്കരുതേ..........

ദൈവവേല ചെയ്യുവാൻ ദൈവം നിയോഗിച്ചവരേ ! ആരും നഷ്ടപ്പെടാതെ ശേഖരിച്ച് പിതാവിനെ ഏല്പിപ്പാൻ കഴിയുമോ ? ചിന്തിക്കുക

ഗുരുവിന്റെ കൈകളിലെത്തിയ അഞ്ചപ്പവും രണ്ട് മീനും സ്വർഗ്ഗത്തേക്ക് നോക്കി വാഴ്ത്തി ശിഷ്യൻമാർക്കും, ശിഷ്യൻമാർ പുരുഷാരത്തിനും കൊടുത്തപ്പോൾ ജനം തൃപ്തരാകത്തക്കവിധം വേണ്ടുവോളം കൊടുപ്പാൻ ലഭിക്കുമെന്ന് വിളമ്പിയവർക്ക് മനസ്സിലായി. കൂടാതെ തന്റെ കൈകളിൽ നിന്ന് വാങ്ങിയതൊന്നും നഷ്ടമാക്കരുതെന്നും ഗുരു അവരെ പഠിപ്പിച്ചു.

സഹോദരങ്ങളേ , സുവിശേഷം അറിയിക്കുവാനുള്ള അവസരം അലസരായി നഷ്ടമാക്കരുതേ."ഇന്നല്ല, നാളെ പറയാം" എന്ന് സാത്താൻ പറയും . ചില സമയത്ത് അസാധാരണമായ മാർഗ്ഗങ്ങൾ നമ്മുടെ അവസരമാകാം. (ഉദാ: അ:പ്ര:8). സുവിശേഷം കേട്ടവർ നഷ്ടപ്പെടാതെ സൂക്ഷിക്കുമെന്നും , കേൾക്കുവാൻ സാധിക്കാതെ രക്ഷ നഷ്ടപ്പെടുത്തിയവരെ രക്ഷിക്കുവാൻ ശ്രമിക്കുമെന്നും നമുക്ക് തീരുമാനിക്കാം. ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിലുപയോഗിപ്പാൻ ദൈവം സഹായിക്കട്ടെ.

Santhamma Varghese